"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - കോന്നി എസ്.എ.എസ്, എസ്.എൻ.ഡി.പി. യോഗം കോളേജ് അദ്ധ്യാപിക ശ്രീമതി.സംഗീതാകുമാരിയുടെ ഭർത്താവിന്റെ ചികിത്സാചെലവ് പ്രതിപൂരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

**സ.ഉ.(സാധാ) നം.581/2021/ഉ.വി.വ** തീയതി,തിരുവനന്തപുരം, 09/04/2021

പരാമർശം:- 1 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 04.02.2020, 29.12.2020,27.03.2021 എന്നീ തീയതികളിലെ ഡി5/973/2020/കോ.വി.വ നം.കത്ത്.

<u>ഉത്തരവ്</u>

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ കോന്നി എസ്.എ.എസ്..എൻ.ഡി.പി യോഗം കോളേജിലെ അധ്യാപിക ആയ ശ്രീമതി.സംഗീതകുമാരിയുടെ ഭർത്താവിന്റെ കരൾസംബന്ധമായ ചികിത്സയ്ക്ക് കൊച്ചി, അമൃത ഹോസ്പിറ്റലിൽ 30/6/2019 - 14/9/2019 കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 39,45,344/- രൂപയുടെ 80% ആയ 31,56,275/- രൂപ (മുപ്പത്തൊന്ന് ലക്ഷത്തി അമ്പത്താറായിരത്തി ഇരുനൂറ്റി എഴുപത്തഞ്ച് രൂപ മാത്രം), പ്രതിപൂരണം ചെയ്ത് നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരി കുമാർ ജി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകൾ സഹിതം)
ശ്രീമതി.സംഗീതാകുമാരി, എസ്.എ.എസ്.എൻ.ഡി.പി. യോഗം കോളേജ്, കോന്നി (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (ലോൺസ്) വകുപ്പ് (No:L3/17/2021/Fin dated 10.02.2021 )
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ
✓നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ